# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1846** **14.08.2017**-ൽ മറുപടിക്ക്

## വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ 'കിഫ്ബി'യിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ), ബി & സി) | വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നബാർഡിൽ നിന്നും അനുവദിച്ച 41 കോടി രൂപയാണ് പ്രാരംഭ മൂലധനമായുള്ളത്. ഈ സ്ഥാപനത്തിനു വേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കാരണം അവിടേക്ക് റോഡുമാർഗ്ഗം എത്തിച്ചേരുന്നതിന് ഒട്ടേറെ തടസ്സങ്ങൾ ഉണ്ട്. എന്നിരുന്നാലും പിന്നോക്ക ജില്ലയിൽപ്പെട്ട നിർദ്ദിഷ്ട മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ മതിയായ പ്രാമുഖ്യം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഇൻകെൽ സാധ്യതാപഠനം നടത്തിവരികയാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളാണ് പ്രധാനമായും കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായ പദ്ധതികളിൽ വയനാട് മെഡിക്കൽ കോളേജിനെ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ചു വരികയാണ്. |
| ബി) | ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | | |
| സി) | പ്രസ്തുത നടപടികൾ ഏതു ഘട്ടം വരെ ആയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ